മൂവി പാനൽ റിവ്യൂ

തമാശയല്ല ബാല
*****************

എഴുതിയത് : Sudhy S J

ഇന്ന് ബോളിവുഡ് സിനിമകളിലെ ഒരു മിനിമം ഗ്യാരണ്ടി, അല്ലേൽ പ്രതീക്ഷയോടെ കാണാവുന്ന സിനിമകൾ ചെയ്യുന്ന നടൻ എന്ന വിശേഷണം നൽകാൻ നിസ്സംശയം പറയാവുന്ന പേരാണ് ആയുഷ്മാൻ ഖുറാനാ. ആർട്ടിക്കിൾ 15 എന്ന controversy സിനിമയും, Badhayi Ho എന്ന നർമത്തിൽ ചാലിച്ച കുടുംബകാഴ്ചകളും തുടങ്ങി അഭിനയിച്ച സിനിമകൾ ഭൂരിഭാഗവും ഒരു കയ്യൊപ്പ് പതിപ്പിച്ച നടൻ.

കഴിഞ്ഞ വർഷം ഇറങ്ങിയ മികച്ച ഒരു ചിത്രമായ സ്ത്രീയുടെ സംവിധായകൻ അമർ കൗശിക്കും, പ്രധാന വേഷത്തിൽ ആയുഷ്മാനും, കൂടെ ഭൂമി പട്നെക്കറും യാമി ഗൗതവും ഒത്തുചേരുമ്പോൾ പ്രേക്ഷകർ പ്രതീക്ഷിക്കുന്ന നല്ലൊരു സിനിമ ഒരുക്കാൻ ഈ കൂട്ടുക്കെട്ടിന് സാധിച്ചു. നല്ല മിതത്വം ഉള്ള കാസ്റ്റിംഗ് തന്നെയാണ് ബാല എന്ന ഈ കൊച്ചു ചിത്രത്തിന്റെ ആദ്യ പ്ലസ് പോയിന്റ്.

ഇന്ന് സിനിമ വ്യവസായത്തിൽ തന്നെ, അല്ലേൽ നമുക്ക് ചുറ്റും ഒന്ന് നോക്കിയാൽ കാണാവുന്ന ഒരു വിപ്ലവം നടക്കുന്ന മേഖല, ബോഡി ഷെയിമിംഗ് അല്ലേൽ false prestiges എന്ന വിഷയത്തെ മുൻനിർത്തിയാണ് കഥ മുന്നോട്ട് നീങ്ങുന്നത്.

പാറിക്കളിക്കുന്ന നീളൻ മുടിയുള്ള ചെറിയ പയ്യൻ സ്കൂളിലെ ഹീറോ ആയിരുന്നു. അവനെ ആരാധിക്കാൻ ഒരു വല്യ വലയം തന്നെ കൂടെ ഉണ്ടാവും. പോരാത്തതിന് കളിക്കൂട്ടുകാരിയോട് പോലും നിറത്തിന്റെ പേരിൽ ഉള്ള കുത്തുവാക്കുകൾ.

പയ്യൻ വലുതായി, അവന്റെ കഴിവുകളും. ആളുകളെ ചിരിപ്പിക്കാനും, മിമിക്രി ചെയ്യാനും, വളരെ മനോഹരമായി സംസാരിക്കാനും ഉള്ള അവന്റെ കഴിവ് അവനെ എത്തിച്ചത് ഒരു മാർക്കറ്റിംഗ് തൊഴിലിലേക്കാണ്. വിധി എന്നൊക്കെ പറയണ പോലെ താൻ എന്തിലാണോ അഭിമാനം വെച്ചുപുലർത്തിയെ അത് ഇന്ന് അവനെ അപമാനിക്കുന്ന രീതിയിൽ കൊഴിഞ്ഞുപോയിരിക്കുന്നു. അതെ, ബാൽമുകുന്ദ് എന്ന പേരിൽ മാത്രം ബാൽ (മുടി) അവശേഷിക്കുന്ന തരത്തിൽ തലയിൽ മുടി കുറഞ്ഞിരിക്കുന്നു. ആ കുറഞ്ഞത് മുടി മാത്രം അല്ല ആത്മവിശ്വാസം കൂടി ആണ്. പോരാത്തതിന് മാർക്കറ്റ് ചെയ്യേണ്ട വസ്തുക്കൾ ആണേൽ പതിനഞ്ചു മിനിറ്റ് കൊണ്ട് നിങ്ങളെ സൗന്ദര്യത്തിന്റെ ദേവത ആക്കാം എന്ന് പറയുന്ന വസ്തുക്കൾ.

മുടി വരാൻ ഉള്ള കാക്കത്തൊള്ളായിരം ശ്രമങ്ങളും ,

വ്യക്തിജീവിതത്തിൽ ഉണ്ടാവുന്ന സംഭവങ്ങളും പ്രണയവും എല്ലാം തമാശയിൽ പൊതിഞ്ഞ് കഥ മുന്നോട്ട് കൊണ്ടു പോകുന്നു.

മുടികൊഴിച്ചിൽ എന്ന പ്രധാന ആശയം മുൻനിർത്തി മുന്നോട്ട് പോകുമ്പോളും ബോഡി ഷെയിമിംഗ്, നിറം എന്നീ വിഷയങ്ങളും സിനിമയിൽ കാണാം.

നമ്മൾ ആരെന്ന് തിരിച്ചറിയേണ്ടത് സ്വന്തം ബാഹ്യരൂപം വെച്ചല്ല, കഴിവുകൾ, കുറവുകൾ, തെറ്റുകൾ എല്ലാം തിരിച്ചറിഞ്ഞാണ്. നിറത്തിന്റെ, ഉയരത്തിന്റെ, തടിയുടെ എല്ലാം പൊള്ളയായ മതിൽകെട്ടുകൾ പൊളിച്ചുമാറ്റാൻ സിനിമ നമ്മളോട് സംസാരിക്കുന്നു.

തീർച്ചയായും കാണാൻ ശ്രമിക്കേണ്ട സിനിമ.

മലയാളത്തിൽ ഇറങ്ങിയ തമാശ എന്ന സിനിമയുമായി ട്രയ്ലർ സാദൃശ്യം തോന്നാം എങ്കിലും, മുടിയില്ലായ്മ എന്ന common issue എന്നതിലപ്പുറം രണ്ടും പറയുന്നത് രണ്ട് കഥകളാണ്.

Movie available in Disney+ Hotstar!
https://www.hotstar.com/1260016419

വാൽകഷ്ണം. : വെളുപ്പും കറുപ്പും അല്ല കാര്യം എന്ന് പറയുന്ന സിനിമയിൽ തന്നെ നടിയെ കറുപ്പിച്ച് കാണിച്ച മേക്കപ്പ് കല്ലുകടി ഒഴിവാക്കാമായിരുന്നു.